**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5803** **08-11-2021 - ൽ മറുപടിയ്ക്ക്**

**പരിസ്ഥിതിലോല പ്രദേശങ്ങളിലെ ക്വാറികളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പാരിസ്ഥിതിക പഠനം നടത്താതെ ക്വാറികൾക്ക് അനുമതി നൽകുന്നതാണ് ഉരുൾപൊട്ടലുകൾക്ക് കാരണമാകുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | 2006 ലെ കേന്ദ്ര സർക്കാരിന്റെ EIA വിജ്ഞാപനപ്രകാരം പാരിസ്ഥിതി അവലോകനം (Environmental Assessment) നടത്തി, Environment Management Plan തയ്യാറാക്കി സമർപ്പിക്കുന്ന ക്വാറികൾക്ക് മാത്രമേ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ നിന്നും പാരിസ്ഥിതിക അനുമതി നൽകാറുള്ളൂ. പരിസ്ഥിതി പഠനം നടത്തി Environmental Clearance ഉള്ള ദൂരപരിധി പാലിക്കുന്ന പാറമടകൾക്ക് മാത്രമാണ് ഖനനാനുമതി നൽകുന്നത്. |
| (ബി) | പരിസ്ഥിതിലോല പ്രദേശങ്ങളിൽ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകാറുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | പരിസ്ഥിതി ലോല പ്രദേശങ്ങളിൽ ഖനനപ്രവർത്തനങ്ങൾക്ക് പാരിസ്ഥിതികാനുമതി ലഭിക്കാറില്ല. ഖനനാനുമതി നൽകുന്നതിന് മുമ്പായി പാരിസ്ഥിതികാനുമതി നിർബന്ധമാകയാൽ ഖനനാനുമതി നൽകാറില്ല |
| (സി) | കഴിഞ്ഞ ദിവസങ്ങളിലെ ശക്തമായ മഴയിൽ ഉരുൾപൊട്ടലുണ്ടായ കോട്ടയം ജില്ലയിലെ കൂട്ടിക്കലിൽ ക്വാറികൾ പ്രവർത്തിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) | മെ.പെട്രാ ക്രഷേഴ്സ് ഡോർ നം.54/ബി, മണർകാട് പി.ഒ, കോട്ടയം എന്ന ക്വാറിക്ക് മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 836/2011-12/1089/M3/2012 dated 02.03.2012 നമ്പർ ഉത്തരവ് പ്രകാരം ടി വില്ലേജിലെ സർവ്വെ 59/1-1, 86/4 എന്നിവയിൽപ്പെട്ട സ്ഥലത്ത് 12 വർഷക്കാലാവധിയിൽ പ്രവർത്താ നുമതി ഉള്ളതാണ് |
| (ഡി) | പ്രസ്തുത പ്രദേശങ്ങളിലെ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകിയതിൽ സർക്കാരിന് വീഴ്ച ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | സർക്കാരിന് വീഴ്ച ഉണ്ടായിട്ടില്ല. കൂട്ടിക്കൽ വില്ലേജിൽ 2 ക്വാറികൾക്കാണ് പ്രവർത്താനുമതി ഉണ്ടായിരുന്നത്. ടി വില്ലേജിൽ പ്രവർത്തിച്ചിരുന്ന മെ.വാഴത്തറ ഗ്രാനൈറ്റ്സ് എന്ന സ്ഥാപനത്തിന് ഖനനാനുമതി നൽകിയിരുന്ന സ്ഥലം പൂർണ്ണമായും |

| | | | |
|---|---|---|---|
| | | | കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ ഉരുൾപൊട്ടൽ സാധ്യതാ മേഖലകളെ സംബന്ധിച്ചുള്ള മാപ്പിലെ ഹൈ ഹസാഡ് സോണിൽ സ്ഥിതി ചെയ്യുന്നതായി കണ്ടതിനെതുടർന്ന് 2018 ലെ അതിതീവ്ര മഴയ്ക്ക് ശേഷം ടി സ്ഥലത്ത് ഖനനാനുമതി നൽകിയിട്ടില്ലാത്തതും ഖനനപ്രവർത്തനങ്ങൾ നിർത്തിവച്ചിട്ടുള്ളതുമാണ്. മെ.പെടാ ക്രഷേഴ്സിന് ഖനനാനുമതി ലഭ്യമായിരുന്ന സ്ഥലത്തിന്റെ ഒരു ഭാഗം ഹൈ ഹസാഡ് സോണിൽ ആയിരുന്നതിനാൽ ആ ഭാഗം ഒഴിവാക്കി ഖനനം ക്രമീകരിക്കുവാനുള്ള ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാന ത്തിൽ അപ്രകാരം നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ